# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3266** **13/03/2017-ൽ മറുപടിയ്ക്ക്**

## <u>പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ സ്കൂളിന്റെ വാടക</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.ടി.എ.റഹീം** | **ശ്രീ. കെ.ടി ജലീൽ**<br>**ബഹു: തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ സ്കൂൾ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്ഥല സൗകര്യം ഒരുക്കണമെന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം വാടകക്കെടുത്ത കെട്ടിടത്തിന്റെ വാടക നല്കുന്നതിനുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നത് സംബന്ധിച്ച LSGD-AB2/243/2016 ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | തദ്ദേശസ്വയംഭരണ (എസി) വകുപ്പിന്റെ 09/01/2015-ലെ സർക്കുലർ നമ്പർ 10961/എസി1/13/തസ്വഭവ പ്രകാരം സാധൂകരണം സംബന്ധിച്ച തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അപേക്ഷകൾ മതിയായ രേഖകൾ സഹിതം ഡയറക്ടർ/കമ്മീഷണറുടെ വ്യക്തമായ ശുപാർശയോടുകൂടി മാത്രം സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമ പഞ്ചായത്തിൽ പുതുതായി അനുവദിച്ച ഗവ: ഹൈസ്കൂൾ പ്രവർത്തിച്ച കെട്ടിടത്തിന് വാടക നൽകിയ ഇനത്തിൽ പഞ്ചായത്തിന് ചെലവായ തുകയിന്മേൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം ആവശ്യപ്പെട്ടു കൊണ്ട് ബഹു: ശ്രീ. പി.ടി.എ.റഹീം MLA ആണ് സർക്കാരിൽ നിർദ്ദേശം സമർപ്പിച്ചത്. ടി കത്തിനോടൊപ്പം ടി നിർദ്ദേശം യഥാവിധി പരിശോധിക്കുന്നതിന് നിർബന്ധമായും വേണ്ടുന്ന രേഖകളായ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികയുടെ പകർപ്പ്, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല |

| | |
|---|---|
| | ശുപാർശ എന്നിവ ഇല്ലാതിരുന്നതിനാൽ പ്രസ്തുത രേഖകൾ ഉൾപ്പെടുത്തി വ്യക്തമായ ശുപാർശ സമർപ്പിക്കാൻ പ്രസ്തുത കത്തിന്റെ പകർപ്പ് പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറിയിരിക്കുകയാണ്. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**